# ഹായ് വണ്ടി..!

■ അസുരമംഗലം വിജയകുമാർ

കേളുണ്ണിക്കുണ്ടൊരു വണ്ടി
പാള കൊണ്ടുള്ളൊരു വണ്ടി!
ആളുകൾ കേറിയിരുന്നാൽ
ആഞ്ഞു വലിച്ചുകൊണ്ടോടും
ആർത്തു രസിച്ചങ്ങു പോകേ
ആരാനും പിടിവിട്ടു പോയാൽ
അടിതെറ്റിയേവരും വീഴും
പൊടിതട്ടിയെഴുന്നേറ്റു പോകും!



# അമ്മിണിക്കുട്ടി

■ വയലാർ ഗോപാലകൃഷ്ണൻ

അമ്മിണിക്കുട്ടി മിടുക്കിക്കുട്ടി
അമ്മക്കുമച്ഛനും തങ്കക്കുട്ടി
മുത്തശ്ശനോമനച്ചുണ്ടുകൊണ്ട്
മുത്തം കൊടുക്കും പഞ്ചാരക്കുട്ടി
അമ്മിഞ്ഞയുണ്ണുമ്പോൾ ചെല്ലക്കുട്ടി
വിമ്മിക്കരയുമ്പോൾ പാവം കുട്ടി!



തേയില ഉൽപാദനത്തിൽ ഒന്നാമതായുള്ള കേരളത്തിലെ ജില്ല– ഇടുക്കി